പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7394 17.07.2012- ൽ മറുപടിക്ക്

## പ്രവാസികളുടെ മക്കൾക്ക് പഠന - സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)ഗൾഫ് നാടുകളിൽ കുടുംബ സമേതം ജോലി ചെയ്യുന്ന മലയാളികളായ മാതാപിതാക്കളുടെ മക്കൾക്ക് എന്തെല്ലാം പഠന സൗ കര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവാസികളുടെ മക്കൾക്ക് ഇപ്പോൾതന്നെ നൽകിവരുന്ന വിവിധ സൗ കര്യങ്ങൾക്കുപരിയായി സംസ്ഥാനത്തെ ഗൾഫ് നാടുകളിൽ കുടുംബസമേതം ജോലി ചെയ്യുന്ന മലയാളികളായ മാതാപിതാക്കളുടെ മക്കൾക്ക് പഠന സൗ കര്യം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും നോർക്ക വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. |
| (ബി)പ്രവാസികളിൽ താഴ്ന്ന വരുമാനക്കാരായവരുടെ മക്കൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) പ്രവാസികളിൽ താഴ്ന്ന വരുമാനക്കാരായവരുടെ മക്കളുടെ വിദ്യാഭ്യാസത്തിലേയ്ക്കായി 'ഡയറക്ട് സ്കോളർഷിപ്പ് ഫണ്ട് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് നോർക്ക - റൂട്ട്സ് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രവാസി ക്ഷേമ പദ്ധതിയിൽ അംഗത്വമെടുത്തിട്ടുള്ളവരുടെ മക്കളുടെ ഉപരിപഠനസഹായത്തിനായി വിദ്യാഭ്യാസ ഗ്രാന്റ് ഏർപ്പെടുത്താൻ ആലോചനയുണ്ട്. |

സെക്ഷൻ ഓഫീസർ